**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 641** **28-01-2026 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നാളികേര പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി നാളികേര പാർക്കിൽ വ്യവസായങ്ങൾ ക്ഷണിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി ഇൻഡസ്ട്രിയൽ പാർക്കിലെ ഭൂമി അലോട്ട്മെന്റുമായി ബന്ധപ്പെട്ട് താൽപര്യം പ്രകടിപ്പിച്ച അപേക്ഷകർക്ക് പാർക്ക് സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംരംഭകർക്ക് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തി തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി നാളികേര പാർക്കിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് അടങ്കൽ തുക സഹിതം വിശദമാക്കാമോ; | (ബി) | (see table below) |
| (സി) | കുറ്റ്യാടി നാളികേര പാർക്കിന്റെ രണ്ടാം ഘട്ട പ്രവൃത്തി സംബന്ധിച്ച പുരോഗതി വിശദമാക്കാമോ? | (സി) | ഒന്നാം ഘട്ടം വികസന പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഒന്നാം ഘട്ടം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന് ശേഷം, രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

(ബി)

| Sl No. | പ്രവൃത്തികൾ | അടങ്കൽ തുക (in Lakhs) |
|---|---|---|
| 1 | ഭൂമിയുടെ വിനിയോഗത്തെക്കുറിച്ചുള്ള പഠനവും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പഠനവും | 17.05 |
| 2 | കോമ്പൗണ്ട് മതിൽ, സെക്യൂരിറ്റി കാബിൻ, മുൻവാതിൽ (ഫ്രണ്ട് ഗേറ്റ്) എന്നിവയുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും. | 636.84<br>(73.35 - executed) |
| 3 | പാർക്കിലെ മരങ്ങൾക്ക് നമ്പറിടൽ, അടയാളപ്പെടുത്തൽ, പട്ടിക തയ്യാറാക്കൽ. | 1.48 |
| 4 | അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി ഭൂമി വികസന പ്രവൃത്തികൾ(ഒന്നാം ഘട്ടം) | 95.48 |

സെക്ഷൻ ഓഫീസർ